റിപ്പോർട്ട് ●

ലത്തീഫ് മാറഞ്ചേരി

# തണൽ

## പലിശരഹിത അയൽകൂട്ട കൂട്ടായ്മക്ക് ഒരു വർഷം




*തണൽ വായ്പാ വിതരണത്തിന്റെ ഉദ്ഘാടനം അയൽകൂട്ടം 5ലെ ഇപ്പൂട്ടിലയിൽ രാധക്ക് നൽകികൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ.ജി നരേന്ദ്രൻ നിർവഹിക്കുന്നു.*

**സാമ്പത്തിക** ശാക്തീകരണത്തിന്റെ പ്രധാന ഉപാധിയായി ഇന്ന് മൈക്രോ ഫിനാൻസ് ശ്രദ്ധ നേടിയിട്ടുണ്ട്. കുടുംബശ്രീകൾ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവ വലിയ സേവനങ്ങൾ ചെയ്തുപോരുന്നു. ഗ്രാമീണ സാമ്പത്തിക ശാക്തീകരണത്തിന് ഇസ്‌ലാമിക പ്രസ്ഥാനം മുന്തിയ പരിഗണന നൽകുന്നുണ്ട്. ദേശീയതലത്തിൽ തന്നെ മൈക്രോ ഫിനാൻസ് സംരംഭങ്ങൾ പ്രസ്ഥാനം നടത്തിപ്പോരുന്നുമുണ്ട്. പലിശരഹിത മൈക്രോഫിനാൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നു എന്നതാണ് പ്രസ്ഥാനത്തിന്റെ പ്രത്യേകത.

സംസ്ഥാനത്ത് പ്രസ്ഥാനത്തിന് കീഴിൽ ഒരു വർഷമായി നടന്നുവരുന്നതാണ് മലപ്പുറം ജില്ലയിലെ മാറഞ്ചേരിയിലെ തണൽ അയൽക്കൂട്ടം.

മാറഞ്ചേരി പഞ്ചായത്തിലെ 10,11,12 വാർഡുകളിലെ ചില ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് മുക്കാല എം.ജി റോഡ്. 5 കോളനികൾ പ്രദേശത്തുണ്ട്. സാധാരണക്കാരും കൂലിപ്പണിക്കാരുമാണ് കോളനിവാസികളിൽ ഭൂരിപക്ഷവും.

പലിശക്കാരുടെ കടുത്ത ചൂഷണങ്ങൾക്ക് ചെറിയ രീതിയിലെങ്കിലും പരിഹാരം വേണം എന്ന ലക്ഷ്യത്തോടെ പലിശരഹിത സംരംഭമായാണ് ഒരു വർഷം മുമ്പ് 'തണൽ വെൽഫയർ സൊസൈറ്റി' രൂപം കൊണ്ടത്.

കുടുംബശ്രീ മോഡലിൽ സ്ത്രീകളുടെ അയൽക്കൂട്ടങ്ങളായിരുന്നു(സ്വയം സഹായ സംഘങ്ങൾ) തുടക്കം.

ആദ്യം മൂന്ന് കോളനികളിലുൾപ്പെടെ അഞ്ച് അയൽകൂട്ടങ്ങൾക്ക് രൂപം കൊടുത്തു. ഇപ്പോൾ 21 അയൽകൂട്ടങ്ങളിലായി 500 ഓളം സ്ത്രീകൾ അംഗങ്ങളാണ്.

അയൽകൂട്ടങ്ങൾ വർധിക്കുകയും സദ്ഫലങ്ങൾ സ്ത്രീകൾ അനുഭവിക്കുകയും ചെയ്തതോടെ പുതിയ അയൽകൂട്ടങ്ങൾ ആരംഭിക്കണമെന്ന് ധാരാളം അപേക്ഷകൾ *തണലി*ന് ലഭിച്ച് കൊണ്ടിരിക്കുകയാണ്.

പ്രധാന പ്രവർത്തനങ്ങൾ:

**സമ്പാദ്യശീലം വളർത്തൽ:** ആഴ്ചയിൽ മിച്ചം വെക്കാൻ പറ്റുന്ന സംഖ്യ ശേഖരിച്ച് കളക്ഷൻ ബുക്കിൽ രേഖപ്പെടുത്തി *തണലിൽ* അടക്കുന്നു. സമ്പാദ്യം ഏത് സമയത്തും പിൻവലിക്കാം. പലതുള്ളി പെരുവെള്ളം എന്ന നിലയിൽ ലക്ഷക്കണക്കിന് രൂപ ശേഖരിക്കാൻ അംഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

**പലിശരിഹിതവായ്പ:** വായ്പ ആവശ്യമുള്ള ഘട്ടങ്ങളിൽ നാല് മാസത്തെ അവധിക്ക് മുവാ

യിരം രൂപവരെ അയൽകൂട്ട അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ ലളിതമായ വ്യവസ്ഥയിൽ പലിശ രഹിത വായ്പ നൽകുന്നു. 14 ലക്ഷത്തോളം രൂപ ഇതിനകം അയൽകൂട്ടങ്ങൾക്കിടയിൽ വായ്പ യായി നൽകാൻ കഴിഞ്ഞു. തിരിച്ചടവും കൃത്യസമയത്ത് നടക്കുന്നു. വായ്പ എടുത്തവർ അവധി തെറ്റാൻ ഇടയായാൽ അവരെ അയൽകൂട്ടത്തിൽ നിന്ന് ഒഴിവാക്കും. വായ്പാ തിരിച്ചടവ് 100 ശതമാനമാണ്. ആരെയും പുറത്താക്കേണ്ടി വന്നിട്ടില്ല.

**ചെറുകിട സംരംഭങ്ങൾ:** അംഗങ്ങൾ ഒറ്റക്കോ കൂട്ടായോ ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ട് വന്നാൽ അവർക്ക് സ്വന്തമായി എടുക്കാവുന്ന സംഖ്യ കഴിച്ച് ബാക്കി പലിശയില്ലാതെ വായ്പ നൽകുന്നു. ലാഭത്തിന്റെ 10% *തണലി*ൽ അടക്കണം. സംരംഭകർക്ക് ആവശ്യമായ പരിശീലനം *തണൽ* നൽകും.

**ഡെപ്പോസിറ്റ് കം ലോൺ പദ്ധതി:** അംഗങ്ങളുടെ ചെറുകിട നിക്ഷേപം വർധിക്കുന്ന പക്ഷം ഇരട്ടി സംഖ്യ വായ്പ നൽകുന്ന പദ്ധതിയാണിത്. നിക്ഷേപത്തിന്റെ ഇരട്ടി വായ്പ നൽകുന്ന ഈ പദ്ധതി വഴി 20,000 രൂപ വരെ അനുവദിക്കും. ഒരു വർഷമാണ് കാലാവധി.

**ബോധവൽക്കരണ പരിശീലന ക്യാമ്പുകൾ:** അംഗങ്ങൾക്ക് വേണ്ടി വിവിധ മേഖലകളിൽ പരിശീലനവും ബോധവൽക്കരണവും നടത്തിവരുന്നു. അടുക്കളത്തോട്ട നിർമാണം, ജൈവകൃഷി പരിശീലനം, സോപ്പ്പൊടി നിർമാണം തുടങ്ങിയവ ഉദാഹരണം. സൗജന്യ നേത്രപരിശോധന ക്യാമ്പ്, മെഡിക്കൽ ക്യാമ്പ്, പ്രമേഹ പരിശോധനക്യാമ്പ്, രക്തഗ്രൂപ്പ് നിർണയക്യാമ്പ് തുടങ്ങിയവയും നടത്തി. ബാലോത്സവങ്ങൾ, എസ്.എസ്.എൽ.സി, ഹയർസെക്കന്ററി വിദ്യാർഥികൾക്കുള്ള പ്രത്യേകം പരിപാടികൾ എന്നിവയിലും *തണൽ* അംഗങ്ങൾ സജീവമായി.

ബൈക്കിലെത്തുന്ന അണ്ണാച്ചിപ്പലിശക്കാർ കഴിഞ്ഞ വർഷം വരെ മാറഞ്ചേരിയിലെ നിത്യ കാഴ്ചയായിരുന്നു. ഇന്ന്, ആ കാഴ്ച കാണാൻ കഴിയില്ല. മതഭേദമന്യേ കുടുംബങ്ങൾക്കിടയിൽ പരസ്പര സ്നേഹവും ഐക്യവും രൂപപ്പെട്ടു. സ്ത്രീകൾക്ക് ഉത്തരവാദിത്വബോധവും നേതൃശേഷിയും വളർത്തിയെടുക്കാൻ കഴിഞ്ഞു. ഒരു വർഷത്തെ പ്രവർത്തനം കൊണ്ട് ഒരു പ്രദേശത്തിന്റെ മുഖഛായ തന്നെ മാറ്റാൻ *തണലി*ന് കഴിഞ്ഞു. ■